# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:22.05.2025**

## പ്രധാനവാർത്തകൾ

1. **വികസിത ഭാരതത്തിനായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ രാജ്യത്ത് നടന്നുവരിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ; 103 അമൃത് ഭാരത് റെയിൽവേ സ്റ്റേഷനുകൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യു.**

2. **അമൃത് ഭാരത് പദ്ധതിയിലൂടെ നവീകരിച്ച വടകര, ചിറയിൻകീഴ് റെയിൽവെ സ്റ്റേഷനുകൾ നാടിന് സമർപ്പിച്ചു. കേന്ദ്ര സഹമന്ത്രിമാരായ ജോർജ് കുര്യൻ വടകരയിലും സുരേഷ് ഗോപി ചിറയിൻകീഴും ചടങ്ങിൽ പങ്കെടുത്തു.**

3. **തനത് വരുമാനവും, ആഭ്യന്തര ഉത്പാദനവും വർധിപ്പിക്കാൻ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളിലൂടെ സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.**

4. **രണ്ടാം വർഷ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാഫലങ്ങൾ ഇന്ന് പ്രഖ്യാപിക്കും.**

5. **സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

RNU TVPM

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും.

****************************

## അമൃത് ഭാരത്-പ്രധാനമന്ത്രി.. ഇൻട്രോ

വികസിത ഭാരതത്തിനായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ രാജ്യത്ത് നടന്നുവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആധുനിക സൗകര്യങ്ങളോടെയുള്ള 103 അമൃത് ഭാരത് റെയിൽവേ സ്റ്റേഷനുകൾ പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു. അടിസ്ഥാന സൗകര്യം ആധുനികവത്കരിക്കുന്നതിനുളള യജ്ഞം പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

കേരളത്തിലെ ചിറയിൻകീഴ്, വടകര സ്റ്റേഷനുകൾക്ക് പുറമേ മാഹി റെയിൽവേ സ്റ്റേഷനും അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്. കൂടുതൽ സൗകര്യങ്ങളോടെയുള്ള വിശ്രമമുറി, ശൗചാലയങ്ങൾ, ടിക്കറ്റ് കൗണ്ടറുകൾ, പാർക്കിങ്ങ് യാഡ് തുടങ്ങിയവയും ഇതിൻറെ ഭാഗമായി നവീകരിച്ചിട്ടുണ്ട്. രാജസ്ഥാനിലെ ബിക്കാനീറിലാണ് ഉദ്ഘാടന ചടങ്ങ് നടക്കുന്നത്.

****************************

## അമൃത് ഭാരത് ... ഇൻട്രോ

അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച വടകര സ്റ്റേഷൻറെ ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ , എം പി മാരായ ഷാഫി പറമ്പിൽ, പി ടി ഉഷ, കെ.കെ.രമ എംഎൽഎ തുടങ്ങിയവർ സംബന്ധിച്ചു. കേരളത്തിൽ റെയിൽവെ വികസനത്തിന് കേന്ദ്ര സർക്കാർ കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി ജോർജ് കുര്യൻ

PIU TVPM

പറഞ്ഞു. വടകര റെയിൽവേ സ്റ്റേഷനിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.

(വോയിസ്)

ചിറയിൻകീഴ് സ്റ്റേഷൻ ഉദ്ഘാടന ചടങ്ങിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു. ചിറയിൻകീഴിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ ആവശ്യമെങ്കിൽ പ്രധാനമന്ത്രിയെയും റെയിൽവേ മന്ത്രിയെയും അറിയിച്ച് അത് നടപ്പിലാക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

*****************************

## മാഹി റെയിൽവെ സ്റ്റേഷൻ

RNUTVPM

കേന്ദ്ര ഭരണ പ്രദേശമായ പുതുച്ചേരിയുടെ ഭാഗമായ മാഹി റെയിൽവെ സ്റ്റേഷനിൽ നടന്ന അമൃത് ഭാരത് സ്റ്റേഷൻ ഉദ്ഘാടനചടങ്ങിൽ പുതുച്ചേരി ലെഫ്റ്റ്നന്റ് ഗവർണർ കെ കൈലാസനാഥൻ മുഖ്യാതിഥിയായി പങ്കെടുത്തു. മാഹി ഉൾപ്പെടുന്ന പുതുച്ചേരി സംസ്ഥാനത്തിന്റെ വികസനത്തിനായി നിരവധി പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നതെന്ന് ലെഫ്റ്റനന്റ് ഗവർണർ പറഞ്ഞു.

*****************************

## പ്രത്യേക പരിപാടി

രാജ്യത്തെ 103 അമൃത് ഭാരത് സ്റ്റേഷനുകളുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കിയ പ്രത്യേക പരിപാടി ഇന്ന് വൈകിട്ട് 4.30 ന് പ്രക്ഷേപണം ചെയ്യും.

*****************************

## പ്രതിനിധിസംഘ സന്ദർശനം

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ഇടപെടലുകളുടെ ഭാഗമായി വിദേശപര്യടനം നടത്തുന്ന ഇന്ത്യൻ സർവകക്ഷി പ്രതിനിധികളുടെ ഒരു സംഘം ജപ്പാനിലും മറ്റൊരു സംഘം അബുദാബിയിലുമെത്തി. ജെഡിയു എംപി, സഞ്ജയ് കുമാർ ഝായുടെ നേതൃത്വത്തിലുള്ള സംഘം ജപ്പാനിലെ ഇന്ത്യൻ അംബാസിഡർ സിബി ജോർജുമായി കൂടിക്കാഴ്ച നടത്തി. ശിവസേന എംപി ശ്രീകാന്ത് ഷിൻഡെ നയിക്കുന്ന സംഘമാണ് ഇന്ന് രാവിലെയോടെ അബുദാബിയിൽ എത്തിയത്. ഡി.എം.കെ എം.പി കനിമൊഴി നയിക്കുന്ന സംഘം ഇന്നാണ് യാത്ര തിരിക്കുന്നത്. 59 എം.പിമാർ അംഗങ്ങളായ ഏഴ് പ്രതിനിധി സംഘങ്ങൾ 32 രാജ്യങ്ങളിലാണ് അടുത്ത മാസം 5 വരെ സന്ദർശനം നടത്തുക.

RAJU TVPM

***************************

## മുഖ്യമന്ത്രി - കൊല്ലം

തനത് വരുമാനവും, ആഭ്യന്തര ഉത്പാദനവും വർധിപ്പിക്കാൻ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളിലൂടെ സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാറിന്റെ നാലാം വാർഷികാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച കൊല്ലം ജില്ലാതല അവലോകനയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. കേരളം കടക്കെണിയിൽ ആണെന്നത് വ്യാജ പ്രചാരണമാണെന്നും അദ്ദേഹം പറഞ്ഞു.

***************************

## നഷ്ടപരിഹാരം - കണ്ണൂർ

കണ്ണൂർ തളിപ്പറമ്പിൽ കുപ്പത്ത് ദേശീയപാതാ നിർമാണ സ്ഥലത്തുനിന്ന് വീടുകളി ലേക്ക് ചെളിവെള്ളം ഒഴുകിയെത്തി നാശമുണ്ടായവർക്ക് നഷ്ടപരിഹാരം നൽകാൻ തീരുമാനം.

നാട്ടുകാരുടെ പ്രതിഷേധത്തെ തുടർന്ന് ദേശീയപാതാവിഭാഗവും റവന്യൂ അധികാരികളും ചേർന്ന് നടത്തിയ ചർ ച്ചയിലാണ് തീരുമാനം. സംഭവത്തിൽ പ്രതിഷേധിച്ച് പ്രദേശവാസികൾ ഇന്നലെ ദേശീയപാത ഉപരോധിച്ചിരുന്നു.

***************************

## കാസർഗോഡ് -(ഇൻട്രോ)

കാസർഗോഡ് ദേശീയ പാതയിൽ ദുരന്ത നിവാരണ പഠനത്തിനായി കളക്ടർ നിയോഗിച്ച വിദഗ്ദ്ധ സമിതി 41 കേന്ദ്രങ്ങളിലായി 56 ഇടങ്ങളിൽ പ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തി. ദേശീയ പാത കടന്നുപോകുന്ന മേഖലയിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ...**

**(വോയ്സ്)**

RNU TVPM

***************************

## പ്ലസ് ടു - പരീക്ഷാ ഫലം

കേരളത്തിൽ രണ്ടാം വർഷ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാഫലങ്ങൾ വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി ഇന്ന് വൈകുന്നേരം 3 മണിക്ക് പ്രഖ്യാപിക്കും. www.results.hse.kerala.gov.in, www.prd.kerala.gov.in തുടങ്ങിയ ഔദ്യോഗിക വെബ്സൈറ്റുകളിലൂടെ 3.30 മുതൽ ഫലമറിയാൻ സാധിക്കും. പ്ലസ് വൺ പരീക്ഷാ ഫലം അടുത്ത മാസം പ്രസിദ്ധീകരിക്കും.

***************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും..........

*****************************

## കുട്ടിയുടെ മരണം

എറണാകുളം മൂഴിക്കുളത്ത് കൊല്ലപ്പെട്ട നാല് വയസുകാരി ശാരീരിക പീഡനത്തിന് ഇരയായതായി റിപ്പോർട്ട്. സംഭവത്തിൽ അടുത്ത ബന്ധുവിനെ പോലീസ് കസ്റ്റഡിയിലെടുത്തു. കുട്ടിയെ പുഴയിലെറിഞ്ഞ് കൊന്നതാണെന്ന് അമ്മ നേരത്തെ പൊലീസിനോട് സമ്മതിച്ചിരുന്നു. വിശദമായ അന്വേഷണത്തിലൂടെ മാത്രമെ കൂടുതൽ വിവരങ്ങൾ ലഭ്യമാകൂവെന്ന് പൊലീസ് വ്യക്തമാക്കി.

*****************************

## ഇടുക്കി ... (ഇൻട്രോ)

ജീവിത തിരക്കുകൾക്കിടയിൽ നിന്നും മാറി അൽപ്പനേരം വിശ്രമിക്കാൻ ആളുകളെ മാടി വിളിക്കുകയാണ് ഇടുക്കിയിലെ കല്യണത്തണ്ട് മലനിരകൾ. അഞ്ചുരുളി തടാകത്തിന്റെ മനോഹരമായ ദൃശ്യവും, വീശിയടിക്കുന്ന തണുത്ത കാറ്റുമാണ് കല്യണത്തണ്ടിലേക്ക് ആളുകളെ ആകർഷിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

(വോയ്സ്)

*****************************

RNU TVPM

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസറകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. സംസ്ഥാനത്തുടനീളം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും ഇടിമിന്നലിനും സാധ്യതയുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് ഈ മാസം 25 വരെ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി തിരുവനന്തപുരം, കന്യാകുമാരി തീരങ്ങളിൽ ഇന്ന് ഉച്ചവരെ കടലാക്രമണത്തിന് സാധ്യതയുണ്ട്. കാലവർഷം ഇത്തവണ നേരത്തെ എത്തുമെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു.

***************************

RNU TVPM

## ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. രാത്രി 7.30ന് അഹമ്മദാബാദിലാണ് മത്സരം

***************************

## കടുവ- മലപ്പുറം

മലപ്പുറം മദാരികുണ്ട് കേരള എസ്റ്റേറ്റ് ഭാഗത്ത് ഇന്നലെ കടുവയെ കണ്ടതിനെത്തുടർന്ന് വനംവകുപ്പ് തിരച്ചിൽ ഊർജ്ജിതമാക്കി. പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ കേന്ദ്രീകരിച്ചാണ് നിലവിൽ പരിശോധന നടക്കുന്നത്. ക്യാമറ ദൃശ്യങ്ങൾ ലഭിച്ചാലുടൻ കടുവയെ പിടികൂടാൻ കൂട് സ്ഥാപിക്കുമെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. കടുവയുടെ സാന്നിധ്യം സ്ഥിരീകരിച്ചതോടെ പ്രദേശവാസികൾ അതീവ ജാഗ്രത പാലിക്കണമെന്ന് വനംവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

*************************

## പുലി - വയനാട്

വയനാട്, മുള്ളൻകൊല്ലി കബനിഗിരിയിൽ വീണ്ടും പുലിയുടെ ആക്രമണം. പനച്ചിമറ്റത്തിൽ ജോയി എന്ന ആളിന്റെ ഒരു ആടിനെ പുലി കൊന്നു. കഴിഞ്ഞ ദിവസം ഒരു നായയെയും പുലി കൊന്നിരുന്നു.

*******************************************************************************************

*************************

RNU TVPM